**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3115** **18-03-2022 - ൽ മറുപടിയ്ക്ക്**

**എല്ലാ പഞ്ചായത്തിലും യുവജന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വർദ്ധിച്ചു വരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും കുറ്റകൃത്യങ്ങളുടെ വൻതോതിലുള്ള വർധനവും കണക്കിലെടുത്ത് പഞ്ചായത്തുകൾ തോറും യുവജന ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും, കുറ്റകൃത്യങ്ങളുടെ വൻതോതിലുള്ള വർധനവും കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മയക്കു മരുന്നിന്റെ ഉപയോഗവും കുറ്റകൃത്യങ്ങളുടെ വൻതോതിലുള്ള വർദ്ധനവും കുറയ്ക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിച്ച് കോളേജുകളിലും കോളനികളിലും യുവജനങ്ങൾക്ക് പ്രാമുഖ്യമുള്ള മറ്റു സ്ഥലങ്ങളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ നിലവിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ ഒരു യുവജന കൂട്ടായ്മ രൂപീകരിച്ച് സന്നദ്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു. പഞ്ചായത്തുകൾ തോറും യുവജന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിയിലില്ല. എന്നാൽ യുവജനങ്ങളുടെ സർഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനമൊട്ടാകെ സെമിനാറുകൾ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | യുവജനങ്ങളുടെ സർഗവാസനകൾ പരിപോഷിപ്പിക്കാനും സാമൂഹിക തിന്മകൾക്കെതിരെ നിലകൊള്ളാനും പഞ്ചായത്തുകൾ തോറും യുവജന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ